കേരള സർക്കാർ

സംഗ്രഹം

ഗതാഗത വകുപ്പ്- ജീവനക്കാര്യം- ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലേക്ക് സ്ഥലം മാറ്റം / സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത (സി) വകുപ്പ്

സ.ഉ.(സാധാ) നം.243/2022/TRANS തീയതി,തിരുവനന്തപുരം, 16-06-2022

---

പരാമർശം: 1) 19.03.2022-ലെ സ.ഉ.(അച്ചടി) നം.08/2022/ഗതാഗതം

2) 21.03.2022- ലെ സ.ഉ.(സാധാ.) നം.115/2022/ഗതാഗതം

3) ട്രാൻസ്പോർട്ട് കമ്മീഷണറുടെ, 19.04.2022, 23.04.2022 എന്നീ തീയതികളിലെ, A1/6/2022-TC നമ്പർ കത്തുകൾ

ഉത്തരവ്

ട്രാൻസ്പോർട്ട് കമ്മീഷണറുടെ, പരാമർശം (3)-ലെ, കത്തിന്റെ അടിസ്ഥാനത്തിൽ, മോട്ടോർ വാഹന വകുപ്പിൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിൽ ചുവടെപ്പറയുന്ന സ്ഥലം മാറ്റം/സ്ഥാനക്കയറ്റം, ഉടൻ പ്രാബല്യത്തിൽ, നടപ്പിലാക്കി ഉത്തരവാകുന്നു.

1. പെരിന്തൽമണ്ണ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ. ജോയി വി.-യെ, ടിയാന്റെ അപേക്ഷ പ്രകാരം, ചെങ്ങന്നൂർ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ. ദിനേശ് ബാബു കെ. വിരമിച്ചതുമൂലം വന്ന ഒഴിവിലേക്ക് മാറ്റി നിയമിക്കുന്നു;
2. ട്രാൻസ്പോർട്ട് കമ്മീഷണറുടെ, പരാമർശം (3)-ലെ, കത്തിൻറെ അടിസ്ഥാനത്തിൽ, മാനന്തവാടി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ. ബി. ബിനോദ് കൃഷ്ണൻ-നെ പെരിന്തൽമണ്ണ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ. ജോയി വി.-യെ സ്ഥലം മാറ്റുന്ന ഒഴിവിലേക്ക് മാറ്റി നിയമിക്കുന്നു.

പരാമർശം (1) പ്രകാരമുള്ള സെലക്ട് ലിസ്റ്റിലെ സീനിയോറിറ്റി അടിസ്ഥാനമാക്കി, ചുവടെപ്പറയുന്ന സീനിയർ സൂപ്രണ്ടുമാരെ, കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം (28) (b) (i) പ്രകാരം, റെഗുലർ അടിസ്ഥാനത്തിൽ, 56,500-1,18,100 ശമ്പളസ്കെയിലിൽ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു.

1. ട്രാൻസ്പോർട്ട് കമ്മിഷണറേറ്റിലെ സീനിയർ സൂപ്രണ്ട് ശ്രീമതി മെഴ്സികുട്ടി സാമുവേൽ-നെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി വെള്ളരിക്കുണ്ട് ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീമതി സുജാത സി. എ., വിരമിച്ച

ഒഴിവിൽ നിയമിക്കുന്നു;

2. തിരുവനന്തപുരം (നാഷണലൈസ്ഡ് സെക്ടർ) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീമതി അർച്ചന സദാശിവൻ-നെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഇടുക്കി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീമതി എൽസി കെ. ജെയിംസ് വിരമിച്ച ഒഴിവിൽ നിയമിക്കുന്നു;
3. ട്രാൻസ്പോർട്ട് കമ്മിഷണറേറ്റിലെ സീനിയർ സൂപ്രണ്ട് ശ്രീ. കെ. എസ്. പ്രകാശിനെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി മാനന്തവാടി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ. ബി. ബിനോദ് കൃഷ്ണൻ-ന് സ്ഥലം മാറ്റം നൽകിയ ഒഴിവിൽ നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BINOD K

ജോയിന്റ് സെക്രട്ടറി

ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്. (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Anju P K**
**Date: 16-06-2022 12:26:52**

സെക്ഷൻ ഓഫീസർ

ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്

ഗതാഗത വകുപ്പ് സെക്രട്ടറിയുടെ സി.എ.-ക്ക്